08.06.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 15-11-05

# സത്യമായ ഹൃദയത്തോടെ ബാബയുടെയും പരിവാരത്തിന്റെയും സ്നേഹി ആയി പരിശ്രമത്തിൽ നിന്ന് മുക്തമാകുന്നതിന്റെ പ്രതിജ്ഞ ചെയ്യൂ പ്രയോജനം നേടു.

ഇന്ന് ബാപ്ദാദ തന്റെ നാല്ഭാഗത്തുമുള്ള ശ്രേഷ്ഠ സ്വരാജ്യ അധികാരികളും സ്വമാനധാരികളുമായ കുട്ടികളെ കാണുകയാണ്. ബാബ കുട്ടികൾക്ക് തന്റേതിനേക്കാൾ ഉയർന്ന സ്വമാനം തന്നിരിക്കുകയാണ്. ഓരോ കുട്ടികളെയും കാലിൽ വീഴുന്നതിൽ നിന്ന് മോചിതരാക്കി തലയിലെ കിരീടമാക്കി മാറ്റി. സദാ സ്വയത്തെ പ്രീയപ്പെട്ട കുട്ടികളുടെ സേവധാരിയെന്നാണ് പറയുന്നത്. ഇത്രയ്ക്ക് വലിയ അധികാരത്തിന്റെ സ്വമാനമാണ് കുട്ടികൾക്ക് നൽകിയിരിക്കുന്നത്. ഓരോരുത്തരും സ്വയം ഇത്രയും സ്വമാനധാരിയാണെന്നു മനസിലാക്കുന്നുണ്ടോ? എന്താണ് സ്വമാനധാരികളുടെ പ്രത്യേക ലക്ഷണങ്ങൾ? എത്ര സ്വമാനധാരി ആകുന്നോ അത്രയും ബഹുമാനം നല്കുന്നവരായിരിക്കും. എത്ര സ്വമാനധാരിയാകുന്നുവോ അത്രയും വിനയം ഉള്ളവരാകും, സർവരുടെയും പ്രീയപെട്ടവരായിരിക്കും. സ്വമാനധാരിയുടെ അടയാളം അവർ ബാബയുടെ പ്രീയപെട്ടവർ ആകുന്നതിനൊപ്പം സർവ്വർക്കും പ്രീയപെട്ടവരാകും. പരിധിയുള്ള സ്നേഹികൾ അല്ല പരിധിയില്ലാത്ത സ്നേഹികൾ. ബാബ ഇതുപോലെ സർവ്വർക്കും പ്രീയപെട്ടതാണ്, ഒരു മാസമായ കുട്ടിയാണെങ്കിലും, ആദി രത്നമാണെങ്കിലും ഓരോ കുട്ടിയും സമ്മതിക്കുന്നു ഞാൻ ബാബയുടേതാണ് ബാബ എന്റേതാണ്. ഇതാണ് സർവരുടെയും പ്രീയപെട്ടവരാകുന്നതിന്റെയും ശ്രേഷ്ഠ സ്വമാനത്തിന്റെയും അടയാളം, ഇങ്ങനെയുള്ള കുട്ടികളാണ് ഫോളോ ഫാദർ ചെയ്യുന്നവർ. കൊച്ചു കുട്ടികൾ മുതൽ പ്രായമായവർക്ക് വരെയും ഓരോ കുട്ടിയ്ക്കും ബാബ സ്വമാനം നല്കിയിട്ടുള്ളത് കാണാം. യുവാക്കൾക്ക് വിനാശകാരി ആകുന്നതിന് പകരം വിശ്വകല്യാണകാരിയാകുന്നതിനുള്ള സ്വമാനം തന്നു. മഹാൻ ആക്കി. പ്രവൃത്തിയിലിരിക്കുന്നവരെ മഹാത്മാക്കൾ ആക്കി, പ്രവർത്തിയിൽ ഇരുന്നു ഉയർന്ന മനോഭാവം ഉള്ളവർ,ഏറ്റവും വലിയ ജഗദ് ഗുരുവിനേക്കാൾ ഉയർന്നവർ, മഹാത്മാക്കളുടെയും ശിരസ്സ് നമിപ്പിക്കുന്നവർ ആക്കി. കന്യകമാർക്ക് ശിവശക്തി സ്വരൂപത്തിന്റെ സ്വമാനം ഓർമപ്പെടുത്തി, തയ്യാറാക്കി. വൃദ്ധരായ കുട്ടികൾക്ക് ബ്രഹ്മബാബയുടെ കൂടെ അനുഭവിയുടെ സ്വമാനം നൽകി.ഇങ്ങനെയുള്ള സ്വമാനധാരികളായ കുട്ടികൾ ഓരോ ആത്മാക്കളെയും സ്വമാനത്തോടെ കാണും. കാണുക മാത്രമല്ല സംബന്ധ സമ്പർക്കത്തിൽ വരുന്നതും, സ്വമാനമാണ് ദേഹാഭിമാനത്തെ ഇല്ലാതാക്കുന്നത്. സ്വമാനം ഉള്ളയിടത്തു ദേഹാഭിമാനം വരില്ല.ദേഹാഭിമാനം സമാപ്തമാക്കുന്നതിനുള്ള വളരെ സഹജ സാധനമാണ് സദാ സ്വമാനത്തിൽ ഇരിക്കുക.സദാ ഓരോരുത്തരെയും സ്വമാനത്തോടെ നോക്കുക. അത് കാലാൾ പടയാളിയാണെങ്കിലും, പതിനാറായിരത്തിന്റെ മലയിലെ അവസാന സംഖ്യ ആണെങ്കിലും, അവസാനത്തെ സംഖ്യയ്ക്കും ബാപ്ദാദയിലൂടെ ഏതെങ്കിലുമൊക്കെ വിശേഷത ഉണ്ട്.സ്വമാനധാരി വിശേഷതയെ കണ്ടു സ്വമാനം കൊടുക്കുന്നു. അവരുടെ ദൃഷ്ടിയിലും,വൃത്തിയിലും, കർമ്മത്തിലും,ഓരോരുത്തരുടെയും വിശേഷത അടങ്ങിയിരിക്കും. ആരെല്ലാം ബാബയുടെതായോ എല്ലാവരും വിശേഷ ആത്മാക്കളാണ്, സംഖ്യ ക്രമനുസരിച്ചാണ് എങ്കിലും ലോകത്തിൽ കോടിയിൽ കുറച്ചുപേരാണ്.സ്വയം അങ്ങനെയുള്ള വിശേഷ ആത്മാവാണെന്നു മനസിലാക്കുന്നുണ്ടോ?സ്വമാനത്തിൽ സ്ഥിതി ചെയ്യണം. ദേഹാഭിമാനത്തിൽ വരരുത്,സ്വമാനത്തിൽ ഇരിക്കണം.

ബാബയ്ക്ക് ഓരോ കുട്ടിയോടും സ്നേഹം ഉള്ളത് എന്ത്കൊണ്ടാണ്? കാരണം ബാബയ്ക്കറിയാം എന്നെ തിരിച്ചറിഞ്ഞു എന്റേത് ആയവരാണ്. ഇന്ന് ഈ മേളയിൽ ആദ്യത്തെ തവണയാണ് വന്നിരിക്കുന്നത് എന്നിട്ടും ബാബ എന്ന് വിളിച്ചു, എങ്കിൽ ബാബയുടെ സ്നേഹത്തിന് അർഹരാണ്. ബാപ്ദാദയ്ക്ക് നാനാഭാഗത്തുമുള്ള എല്ലാ കുട്ടികളും ഏറ്റവും പ്രീയപെട്ടവരാണ്. അതുപോലെ ഫോളോ ഫാദർ ചെയ്യണം. ആരും അപ്രീയർ അല്ല, എല്ലാവരും പ്രീയപെട്ടവർ. ഏതെല്ലാം കുട്ടികളാണ് എന്റെ ബാബ എന്ന് പറയുന്നത് അത് നോക്കിയാൽ എങ്ങനെയാണു എന്റേത് ആയത്? സ്നേഹം കാരണം. ഇവിടെ ഇരിക്കുന്നവർക്ക് എല്ലാം അറിയാം സ്നേഹം കാരണമാണ് ബാബയുടേത് ആയത്. ബാബയുടെ സ്നേഹം കാന്തമാണ്, സ്നേഹത്തിന്റെ കാന്തത്തിലൂടെയാണ് ബാബയുടേതായത്. ഹൃദയ പൂർവ്വമുള്ള സ്നേഹം, വാക്കിൽ മാത്രമുള്ള സ്നേഹം അല്ല. ഹൃദയം കൊണ്ടുള്ള സ്നേഹം ഈ ബ്രാഹ്മണ ജീവിതത്തിന്റെ അടിത്തറയാണ്.എന്ത് കൊണ്ടാണ് മിലനത്തിനുവരുന്നത്? സ്നേഹമാണ് ഇവിടെ എത്തിച്ചത്! ഇവിടെ ഇരിക്കുന്നവരെല്ലാം, വന്നെത്തിയത്, എന്ത്കൊണ്ടാണ് വന്നിട്ടുള്ളത്? സ്നേഹമാണ് ആകർഷിച്ചത്. എത്രമാത്രം സ്നേഹമാണ് ഉള്ളത്? നൂറ് ശതമാനമാണോ അതോ കുറവാണോ? സ്നേഹത്തിൽ ഞങ്ങൾ നൂറ് ശതമാനമാണെന്നു കരുതുന്നവർ കൈ ഉയർത്തൂ? സ്നേഹത്തിൽ നൂറ് ശതമാനം. ചെറുതായി പോലും കുറവില്ലല്ലോ?ശരി. എങ്കിൽ ഇത്രയ്ക്ക് സ്നേഹം ബ്രാഹ്മണർക്ക് പരസ്പരം ഉണ്ടോ? ഇതിൽ കൈ ഉയർത്തിക്കട്ടേ? ഇതിൽ ശതമാനം ഉണ്ട്. ബാബയ്ക്ക് ഏതുപോലെ എല്ലാവരോടും സ്നേഹം ഉണ്ട് അതുപോലെ കുട്ടികൾക്കും സർ

വരോടും സ്നേഹം വേണം. സർവരുടെയും സ്നേഹി. അന്യരുടെ കുറവുകൾ കാണരുത്. ഒരാൾ ഏതെങ്കിലും സംസ്കാരത്തിന് വശപ്പെട്ടിരുന്നാൽ, ആരെയാണ് ഫോളോ ചെയ്യേണ്ടത്? വശിഭൂതരായവരെ ആണോ? നിങ്ങൾ വശീകരണ മന്ത്രം കൊടുക്കുന്നവർ ആണ്, വശിഭൂതരേ മോചിപ്പിക്കുന്നതിനുള്ള മന്ത്രം, മോചിപ്പിക്കുന്നവരല്ലേ! അതോ നോക്കി നിൽക്കുന്നവർ ആണോ?കാണുന്നുണ്ടോ? ഏതെങ്കിലും മോശം കാര്യം കണ്ടാലും എന്താണ് ചെയ്യുന്നത്? നോക്കി നിൽക്കുമോ ഒഴിഞ്ഞു മാറി പോകുമോ? ആരാണോ ഹൃദയപൂർവ്വം സ്നേഹിക്കുന്നവർ, ബാപ്ദാദ യുടെ ഹൃദയത്തിലെ സ്നേഹികളായവർ തീർച്ചയായും സർവരുടെയും സ്നേഹി ആയിരിക്കും. **സമ്പന്നവും സമ്പൂർണ്ണവും ആകുന്നതിനുള്ള സഹജ വിധിയാണ് ഹൃദയപൂർവ്വമായ സ്നേഹം.** ഒരാൾ എത്ര ജ്ഞാനി ആയിരുന്നാലും ഹൃദയം കൊണ്ടുള്ള സ്നേഹം ഇല്ലെങ്കിൽ ബ്രാഹ്മണ ജീവിതം ആനന്ദകരമാവില്ല. വരണ്ട ജീവിതമാകും, സ്നേഹമില്ലാതെ ജ്ഞാനം മാത്രം ആണെങ്കിൽ ജ്ഞാനത്തിൽ ചോദ്യങ്ങൾ വരും, എന്ത് എന്ത്കൊണ്ട്! എന്നാൽ ജ്ഞാനത്തോടെയുള്ള സ്നേഹമാണെങ്കിൽ സ്നേഹി സദാ സ്നേഹത്തിൽ ലവ് ലീനമായിരിക്കും.സ്നേഹിക്ക് ഓർമ്മിക്കാൻ പരിശ്രമിക്കേണ്ടി വരില്ല. ജ്ഞാനി മാത്രമാണ് സ്നേഹം ഇല്ല എങ്കിൽ പരിശ്രമിക്കേണ്ടി വേണ്ടി വരും. അവർ പരിശ്രമത്തിന്റെ ഫലം കഴിക്കുന്നു, ഇവർ സ്നേഹത്തിന്റെ ഫലം കഴിക്കുന്നു. ജ്ഞാനം ബീജമാണ് എന്നാൽ സ്നേഹമാണ് ജലം. ബീജത്തിന് സ്നഹമാകുന്ന ജലം കിട്ടിയില്ലെങ്കിൽ ഫലം ഉണ്ടാകില്ല.

ഇന്ന് ബാപ്ദാദ സർവ്വ കുട്ടികളുടെയും ഹൃദയത്തിന്റെ സ്നേഹം പരിശോധിക്കുകയായിരുന്നു. അത് ബാബയോടു ആണെങ്കിലും മറ്റുള്ളവരോട് ആയാലും. നിങ്ങൾ എല്ലാവരും സ്വയം എന്താണ് കരുതുന്നത്? സ്നേഹികൾ ആണോ? ഹൃദയം കൊണ്ട് സ്നേഹം ഉള്ളവരാണ് എന്ന് കരുതുന്നെങ്കിൽ കൈയ്യ് ഉയർത്തൂ. (കൂടുതൽ പേരും കൈ ഉയർത്തി) ശരി സർവരുടെയും സ്നേഹി. ബാബയുടെ ഹൃദയത്തിൽ നിന്ന് സ്നേഹമുള്ളവരാണ്, സർവരുടെയും സ്നേഹി ആണോ? സർവ്വരുടെയും? ഓരോരുത്തരും ഇവർ എന്റെ സഹോദരി സഹോദരന്മാരാണെന്നു മനസിലാക്കുന്നുണ്ടോ?ഓരോരുത്തരും ഇവർ എന്റേതാണ് എന്ന് മനസിലാക്കുന്നുണ്ടോ? മനസിലാക്കുന്നുണ്ടോ? ചിലർ മാത്രമാണ് എന്നാണോ കരുതുന്നത്? ബാബയോടുള്ള സ്നേഹത്തിൽ എല്ലാവരും കൈ ഉയർത്തുന്നതുപോലെ, ബാബയുടെ സ്നേഹികൾ ആണ്,അതുപോലെ നിങ്ങൾക്ക് വേണ്ടിയും കൈ ഉയർത്തുമോ,അതെ ഇവർ സർവ്വരുടെയും സ്നേഹികൾ ആണ്? ഈ സർട്ടിഫിക്കറ്റ് കിട്ടുമോ? ബാപ്ദാദ മുൻപും പറഞ്ഞിട്ടുണ്ട് ബാബയിൽ നിന്ന് മാത്രമല്ല സർട്ടിഫിക്കറ്റ് വേണ്ടത്, ബ്രാഹ്മണ പരിവാരത്തിന്റെയും വേണം, കാരണം ബാബ ഈ സമയത്ത് ധർമ്മവും രാജ്യവും രണ്ടും ഒരുമിച്ച് സ്ഥാപിക്കുകയാണ്. രാജ്യത്തിൽ ബാബ മാത്രം ഉണ്ടാകില്ല,പരിവാരം ഉണ്ടാകും. ബാബയക്ക് പ്രീയപെട്ടവർ, പരിവാരത്തിനും പ്രിയപെട്ടവരാകും .

ജ്ഞാനിയാകുന്നതിന് ഒപ്പം സ്നേഹിയും ആകേണ്ടത് ആവശ്യമാണ്. സ്വമാനത്തിൽ ഇരിക്കുകയും വേണം ബഹുമാനവും കൊടുക്കണം ഇത് രണ്ടും ആവശ്യമാണ്. ബ്രാഹ്മണ ജന്മം എടുത്തപ്പോൾ തന്നെ ബാപ്ദാദ ഓരോ കുട്ടികൾക്കും ബഹുമാനം നൽകി, അതാണ് ഉയർന്നവർ ആയത്.ഈ ഒരു ജന്മത്തിൽ ബഹുമാനം കൊടുക്കുമ്പോൾ മുഴുവൻ കല്പത്തിലും അതിന്റെ പ്രാപ്തിയായി ബഹുമാനം ലഭിക്കും. അരകല്പം രാജ്യ അധികാരിയായി ബഹുമാനം നേടുന്നു, അരകല്പം ഭക്തിയിൽ ഭക്തരിലൂടെയും ബഹുമാനം കിട്ടുന്നു. മുഴുവൻ കല്പത്തിനും ഇതിന്റെ ആധാരമാകുന്നത് ഈ ഒരു ജന്മത്തിൽ ബഹുമാനം കൊടുക്കുകയും എടുക്കുകയും ചെയ്യുന്നതാണ്.

നാനാഭാഗത്തും ബാപ്ദാദ ഇപ്പോൾ കാണുന്നുണ്ട് വിദേശത്ത് പലസ്ഥലങ്ങളിലും ഇപ്പോൾ രാത്രിയാണ്, ചില സ്ഥലങ്ങളിൽ പകൽ ആണ് മിലനം നടത്തുന്നത്. നല്ല പുരുഷാർത്ഥത്തിന്റെ ഗതി വേഗമാക്കുന്നതിനും നിങ്ങൾക്ക് നല്ല ദാദിയെ (ജാനകി ദാദി) ആണ് കിട്ടിയിട്ടുള്ളതാണ്.അങ്ങനെയല്ലേ? ചെറിയ മാറ്റം കാണുമ്പോൾ ഉടനെ തന്നെ ക്ളാസ്സുകൾ എടുക്കും. വിദേശി ആയാലും ഇവിടെയുള്ളവർ ആയാലും ഏതെങ്കിലും കുട്ടികൾക്ക് ഒരു വിഷയത്തിൽ എങ്കിലും പരിശ്രമം തോന്നിയാൽ അതിനുള്ള കാരണമാണ് ഹൃദയത്തിൽ നിന്നുള്ള സ്നേഹത്തിന്റെ കുറവ്. സ്നേഹം എന്നാൽ ലവ് ലീനമാകുക.ഓർമ്മിക്കേണ്ട ആവശ്യമില്ല, മറക്കാൻ ബുദ്ധിമുട്ടായിരിക്കും. പരിശ്രമിക്കേണ്ടി വരുമ്പോൾ ഹൃദയത്തിൽ നിന്നുള്ള സ്നേഹം പരിശോധിച്ച് നോക്കണം  ചോർച്ച എവിടെയും ഇല്ലല്ലോ?ഏതെങ്കിലും വ്യക്തിയോടുള്ള അടുപ്പം,വ്യക്തിയുടെ വിശേഷതയോട് ആകാം, ചിലപ്പോൾ ഏതെങ്കിലും വസ്തുക്കളോട്,സഹായങ്ങളോട്, അമിതമായ സഹായങ്ങൾ, നിയമാനുസൃതമായ സഹായം ശരിയാണ്, എന്നാൽ അമിതമായ സഹായത്തിൽ സ്നേഹം ഉണ്ടാകും,അടുപ്പം ഉണ്ടാകും. ഈ സഹായം ഓർമ്മ വന്നുകൊണ്ടിരിക്കും. അതിന്റെ അടയാളമാണ് ചോർച്ച എവിടെയെങ്കിലും ഉണ്ടെങ്കിൽ ജീവിതത്തിൽ സദാ ഏതെങ്കിലുമൊക്കെ കാരണത്താൽ സന്തുഷ്ടതയുടെ അനുഭവം ഉണ്ടാകില്ല.ഏതെങ്കിലുമൊക്കെ കാരണവശാൽ അസന്തുഷ്ടത അനുഭവിച്ചുകൊണ്ടിരി

ക്കും. എവിടെ സന്തുഷ്ടത ഉണ്ടോ അതിന്റെ അടയാളമാണ് സദാ പ്രസന്നത ഉണ്ടാകും.ആത്മീയ റോസാപ്പൂവ് പോലെ സദാ പുഞ്ചിരിച്ചു കൊണ്ടിരിക്കും, വിടർന്നിരിക്കും. മൂഡ് ഓഫ് ആകില്ല,സദാ ഡബിൾ ലൈറ്റ് ആയിരിക്കും. മനസ്സിലായോ അതിനാൽ ഇപ്പോൾ പരിശ്രമത്തിൽ നിന്ന് രക്ഷപ്പെടൂ. ബാപ്ദാദയ്ക്ക് കുട്ടികൾ പരിശ്രമിക്കുന്നത് ഇഷ്ടമല്ല. അര കല്പം പ്രയത്നിച്ചു, ഇപ്പോൾ ആഹ്ലാദിക്കൂ. സ്നേഹത്തിൽ ലവ് ലീനമായിരിക്കൂ, അനുഭവത്തിന്റെ മുത്തുകൾ ജ്ഞാന സാഗരത്തിന്റെ ആഴങ്ങളിൽ അനുഭവം ചെയ്യൂ . സാഗരത്തിൽ മുങ്ങിയിട്ട് ഉടനെ പൊങ്ങിവരരുത്, ലവ് ലീനമായിരിക്കൂ. എല്ലാവരും പ്രതിജ്ഞ ചെയ്തതല്ലേ! കൂടെ ഇരിക്കും, കൂടെ പോകും ? പ്രതിജ്ഞ ചെയ്തോ? കൂടെ വരുമോ, അതോ പുറകെ വരുമോ? കൂടെ വരാൻ തയ്യാറായവർ കൈ ഉയർത്തൂ. തയ്യാറാണോ, ചിന്തിച്ചിട്ട് ഉയർത്തണം, തയ്യാറാണെങ്കിൽ ബാബയ്ക്ക് സമാനമാകണം. ആരെല്ലാം കൂടെ വരും? സമനാരായവർ കൂടെ വരില്ലേ! എങ്കിൽ പോകാം ? എവെർറെഡി ആണോ? മുൻപിലത്തെ വരിയിലുള്ളവർ എവെർറെഡി ആയോ? നാളെ പോകാൻ നിർദ്ദേശം തരാം, പോകാമോ? ശരി, പ്രവർത്തിമാർഗ്ഗത്തിലുള്ളവർ വരുമോ? മക്കളുടെ ഓർമ്മ വരുമോ? അമ്മമാർ പോരുമോ? അമ്മമാർ തയ്യാറായോ?ഒരു കാര്യവും ഓർമ്മ വരില്ലല്ലോ? ടീച്ചർമാർക്ക് സെന്റർ ഓർമ്മ വരുമോ, ജിജ്ഞാസുക്കളെ ഓർമ്മ വരുമോ? ഓർമ്മ വരില്ലല്ലോ?ശരി. എല്ലാവരും നിർമോഹികൾ ആയോ? എങ്കിൽ വളരെ നല്ല കാര്യമാണ്. പരിശ്രമിക്കേണ്ട കാര്യമില്ലല്ലോ. സന്മുഖത്ത് ഉള്ളവരും, ദൂരെ ഇരുന്നാലും ബാബയുടെ ഹൃദയത്തിൽ ഇരിക്കുന്നവരും എല്ലാവരെയും ഇന്ന് ബാപ്ദാദ പരിശ്രമത്തിൽ നിന്ന് മുക്തമാക്കാനാണ് ആഗ്രഹിക്കുന്നത്.ആകുമോ? കയ്യടിച്ചു, ആകുമോ?നാളെ മുതൽ ആരും ദാദിമാരുടെ അടുത്തേക്ക് വരില്ലല്ലോ. പരിശ്രമം ചെയ്യുന്നില്ലല്ലോ?സന്തോഷത്തോടെയുള്ള കൂടിക്കാഴ്ചകൾ. സോൺ ഹെഡിന്റെ അടുത്ത് പരാതിയുമായി പോകില്ല, പൂർണമാകും. ശരിയല്ലേ? ഇപ്പോൾ കൈ ഉയർത്തൂ. നോക്കൂ ചിന്തിച്ചു കൈ ഉയർത്തണം, വെറുതെ ഉയർത്തരുത്. പരാതികൾ ഒന്നും പാടില്ല, എന്റെ എന്റെ എന്നൊന്നും ഇല്ല, എന്റേത് ഒന്നുമില്ല. ഞാനും ഇല്ല, എന്റേതും ഇല്ല, അവസാനിച്ചു. പ്രതിജ്ഞ ചെയ്തിട്ടുള്ളതാണ്, നല്ലതാണു ആശംസകൾ പക്ഷെ പ്രതിജ്ഞയുടെ പ്രയോജനം എടുക്കുന്നില്ല. വളരെ വേഗം പ്രതിജ്ഞ എടുക്കും,നേട്ടം ഉണ്ടാക്കാനായി ദിവസവും ഒന്ന് തിരിച്ചറിവ് വേണം രണ്ടാമതായി റിവൈസ് ചെയൂ, പ്രതിജ്ഞ ദിവസവും റിവൈസ് ചെയ്യണം,എന്ത് പ്രതിജ്ഞയാണ് ചെയ്തത്? അമൃതവേളയിൽ മിലനത്തിനു ശേഷം പ്രതിജ്ഞയും നേട്ടവും രണ്ടിന്റെയും ബാലൻസിന്റെ ചാർട്ട് ഉണ്ടാക്കൂ . എന്ത് പ്രതിജ്ഞയാണ് ചെയ്തത്? എന്ത് നേട്ടമാണ് ഉണ്ടാക്കുന്നത്? തിരിച്ചറിയൂ,ആവർത്തിക്കൂ, സന്തുലനം ഉണ്ടാകുമ്പോൾ നേരെയാകും. ബാപ്ദാദയ്ക്കറിയാം മീറ്റിംഗിൽ വന്നവർ പ്രതിജ്ഞ ചെയ്തു. ഏറ്റവും നല്ല പ്ലാനുകൾ ഉണ്ടാക്കുന്നത് ബാപ്ദാദ കണ്ടു, ബാപ്ദാദയ്ക്ക് ഇഷ്ടപ്പെട്ടു. ബാപ്ദാദ ആഗ്രഹിക്കുന്നത് എന്താണ്? ബാപ്ദാദ ആഗ്രഹിക്കുന്നത് ഒരു വാക്കാണ്. **സഫലമാക്കൂ സഫലമാകൂ**. ഏതൊക്കെ ഖജനാവുകൾ ഉണ്ടോ, ശക്തികൾ,സങ്കല്പം,വാക്ക്,കർമ്മവും ശക്തിയാണ്,ഈ സമയവും ശക്തിയാണ്,ഖജനാവാണ്. എല്ലാം സഫലമാക്കണം.സ്തൂല ധനമായാലും,അലൗകിക ഖജനാവ് ആണെകിലും എല്ലാം സഫലമാക്കണം. സഫലത മൂർത്തിയുടെ സർട്ടിഫിക്കറ്റ് നേടണം.സഫലമാക്കൂ, സഫലമാക്കിയ്ക്കൂ.ആരെങ്കിലും അസഫലമാക്കുന്നുണ്ടെങ്കിൽ, വാക്കിന്റെ ശിക്ഷണങ്ങളിലൂടെ അല്ല,തന്റെ ശുഭ ഭാവനയോടെ, ശുഭ കാമനയും ശുഭ ബഹുമാനവും കൊടുക്കുന്നതിലൂടെ സഫലമാക്കിയ്ക്കൂ.കേവലം ശിക്ഷണം മാത്രമല്ല കൊടുക്കേണ്ടത്, ശിക്ഷണം കൊടുക്കണമെങ്കിൽ ക്ഷമയും ശിക്ഷണവും ഒരുമിച്ച്, ക്ഷമാരൂപമായി ശിക്ഷണം കൊടുക്കൂ.കരുണയുള്ളവർ ആകൂ, ദയാഹൃദയർ ആകൂ. നിങ്ങളുടെ കരുണനിറഞ്ഞ സ്വരൂപം തീർച്ചയായും ശിക്ഷണത്തിനു ഫലം കാണിയ്ക്കും. ഇപ്പോഴത്തെ ഡോക്ടർമാരും ഓപ്പറേഷൻ ചെയ്യുമ്പോൾ ആദ്യം എന്താണ് ചെയ്യുന്നത് എന്ന് നോക്കൂ. ആദ്യം മരവിപ്പിയ്ക്കുന്നു എന്നിട്ട് മുറിയ്ക്കുന്നു, ആദ്യമേ മുറിക്കാറില്ല. സൂചി കുത്തിയാലും ആദ്യം മരവിപ്പിച്ചിട്ടാണ് കുത്തുന്നത്.നിങ്ങളും ആദ്യം കരുണ നിറഞ്ഞവരാകൂ എന്നിട്ട് ശിക്ഷണം കൊടുത്താൽ പ്രഭാവം ഉണ്ടാകും, അല്ലെങ്കിൽ എന്താകും നിങ്ങൾ ശിക്ഷണം കൊടുക്കുന്നതിനു മുൻപെ അവർ നിങ്ങളെക്കാൾ കൂടുതൽ ശിക്ഷകർ ആകും. ശിക്ഷകർ ശിക്ഷകരുടെ ശിക്ഷണത്തെ അനുസരിക്കില്ല.അങ്ങനെയല്ല ഇങ്ങനെ ചെയ്യണം എന്ന പോയിന്റ് നിങ്ങൾ കൊടുക്കുമ്പോൾ അതിന്റെ ഖണ്ഡിക്കാൻ അവർക്ക് 10 പോയിന്റ് കാണും, അതുകൊണ്ട് ക്ഷമയും ശിക്ഷണവും ഒരുമിച്ചു വേണം. ഈ 70 ാമത്തെ വർഷത്തേയ്ക്കുള്ള പ്രമേയമാണ് **സഫലമാക്കൂ സഫലമാക്കിയ്ക്കൂ. സഫലത മൂർത്തിയായി എല്ലാം സഫലമാക്കൂ**. ഡബിൾ ലൈറ്റ് ആകണമെങ്കിൽ എല്ലാം സഫലമാക്കൂ. സംസ്കാരത്തെയും സഫലമാക്കൂ. നിങ്ങളുടെ യഥാർത്ഥമായ ആദി സംസ്ക്കാരം,ദേവത സംസ്ക്കാരം, ആത്മാവിന്റെ അനാദി സംസ്ക്കാരത്തെ എമെർജ് ചെയ്യൂ. തെറ്റായ സംസ്കാരങ്ങളെ സംസ്കരിക്കൂ. ആദി അനാദിയായ സംസ്ക്കാരം എമെർജ് ആക്കൂ. നിങ്ങളുടെ എല്ലാവരുടെയും ഒരു പരാതിയാണ് ബാക്കിയുള്ളത്, സംസ്ക്കാരം മാറുന്നില്ല, സംസ്ക്കാരം മാറുന്നില്ല.

എല്ലാവരും പരിശ്രമത്തിൽ നിന്ന് മുക്തമാകുന്നതിന്റെ പ്രതിജ്ഞ ചെയ്തില്ലേ.(എല്ലാവരും കൈ ഉയർത്തൂ)

ശരി ഇതിന്റെ ഫോട്ടോ എടുക്കൂ. ഇപ്പോൾ ഒരു നിമിഷം ഹൃദയത്തിൽ നിന്ന് ഈ പ്രതിജ്ഞയ്ക്ക് ദൃഢതയുടെ അടിവരയിടൂ. തന്റെ മനസ്സിൽ ദൃഢമാക്കൂ. (ഡ്രിൽ) ശരി.

നാനാഭാഗത്തുമുള്ള സ്വമാന ധാരികളായ കുട്ടികൾക്ക്, സദാ ബാബയുടെ ഹൃദയത്തിലെ സ്നേഹികളും, സർവരുടെയും സ്നേഹികളായ ശ്രേഷ്ഠ ആത്മാക്കൾക്ക്,സദാ പരിശ്രമത്തിൽ നിന്നും മുക്തമായി ജീവൻ മുക്തിയുടെ അനുഭവം ചെയ്യുന്ന തീവ്ര പുരുഷാർത്ഥികളായ കുട്ടികൾക്ക്, സദാ പ്രതിജ്ഞയും പ്രതിജ്ഞയുടെ നേട്ടവും എടുക്കുന്ന കുട്ടികൾക്ക്, ബാലൻസ് വയ്ക്കുന്ന ബ്ലിസ്സ്ഫുൾ കുട്ടികൾക്ക്,സദാ ആഹ്ലാദത്തിലിരിക്കുന്ന മറ്റുള്ളവരെയും ആഹ്ലാദിപ്പിക്കുന്ന,സംഗമയുഗീ ശ്രേഷ്ഠ ഭാഗ്യത്തിന്റെ അധികാരികളായ കുട്ടികൾക്ക്, ബാപ്ദാദയുടെ സ്നേഹ സ്മരണകളും, ദിലാരാമന്റെ ഹൃദയത്തിൽ നിന്നുള്ള ആശംസകൾ സ്വീകരിക്കൂ.സ്നേഹസ്മരണകളും നമസ്തേയും.

ദാദിമാരോട് സുഖമല്ലേ! എല്ലാവരും നിങ്ങളെ കണ്ടു സന്തോഷിക്കുന്നു.ബാബയെയും കുട്ടികളും, രണ്ടു പേരെയും കണ്ടു സന്തോഷിക്കുന്നു.രണ്ടും സമാനരാണ്. എല്ലാവരുടെയും വളരെകാലം വേർപിരിഞ്ഞിട്ട് തിരികെ കിട്ടിയവരാണ്. എല്ലാവർക്കും ദാദിമാരോട് പ്രേത്യേക സ്നേഹമാണ്. വളരെ സ്നേഹമാണ്.ആരാണോ നിമിത്തമാകുന്നത് നിമിത്തമാകുന്നവർക്ക് ഉത്തരവാദിത്വം ഉണ്ട്, അതുപോലെ സ്നേഹവും ഉണ്ടാകും,എല്ലാവരുടെയും സ്നേഹത്തിന്റെയും ആശീർവ്വാദങ്ങളുടെയും ലിഫ്റ്റ് അവരുടെ ജീവിതത്തിൽ കിട്ടുന്നു.നിങ്ങളും നിമിത്തമായിരിക്കുന്നവർക്ക് ലിഫ്റ്റ് ലഭിക്കുന്നുണ്ട്. സ്നേഹം അങ്ങനെയുള്ളതാണ് അത് എന്തിൽ നിന്ന് എന്താക്കിതീർക്കുന്നു. ഇന്ന് ലോകത്തിൽ ആരോടെങ്കിലും ചോദിക്കൂ എന്താണ് വേണ്ടത് ? പറയും സ്നേഹം വേണം. ശാന്തി വേണം, അതും സ്നേഹത്തിൽ കൂടി കിട്ടും. അതിനാൽ സ്നേഹം, ആത്മീയ സ്നേഹമാണ് ഏറ്റവും ശ്രേഷ്ഠമായത്.

## വരദാനം:- കമ്പയിന്റ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ തെറ്റില്ലാത്തവരാകുന്ന നിരന്തര യോഗിയായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ സ്വയം ബാബയുടെ കൂടെ കംബൈൻഡ് ആണെന്ന് അനുഭവം ചെയ്യുന്നത് അവർക്കു നിരന്തരം യോഗിയായി ഭവിക്കുന്നതിന്റെ വരദാനം സ്വതവേ ലഭിക്കുന്നു. അവർ എവിടെ ഇരുന്നാലും മിലനവും മേളയും നടന്നുകൊണ്ടിരിക്കും.അവരെ ആര് എത്ര തെറ്റാക്കാൻ ശ്രമിച്ചാലും തെറ്റുകൾ ഇല്ലാത്തവർ ആയിരിക്കും. അങ്ങനെ ബാബയ്ക്ക് അതീവ പ്രീയപെട്ടവരായ തെറ്റുകളില്ലാത്ത കുട്ടികളാണ് നിരന്തര യോഗി കാരണം സ്നേഹത്തിന്റെ അടയാളമാണ് സ്വതവേ ഉള്ള ഓർമ്മ. അവരുടെ സങ്കല്പമാകുന്ന നഖം പോലും മായയ്ക്ക് ഇളക്കാൻ കഴിയില്ല.

## സ്ലോഗൻ:- കാരണം കേൾപ്പിക്കുന്നതിനു പകരം അതിന്റെ നിവാരണം ചെയ്യൂ, എങ്കിൽ ആശീർവ്വാദങ്ങൾക്ക് അധികാരിയാകും.

**അവ്യക്ത സൂചന:- ആത്മീയ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖി ആകൂ.**
അന്തർമുഖി ആയി ജ്ഞാന മനനത്തിന്റെ അഭ്യാസത്തിൽ കൂടി അലൗകീക ലഹരിയിൽ സദാ മുഴുകിയിരിക്കൂ എങ്കിൽ ഈ ലോകത്തിലെ പ്രശ്നങ്ങൾ തന്നില്ലേക്ക് ആകർഷിക്കുകയില്ല. മിലിട്ടറി അണ്ടർ ഗ്രൗണ്ട് പോകുന്നത് പോലെ, പുറമെയുള്ള ബോംബുകൾ ഒന്നും ഏൽക്കില്ല, അതുപോലെ നിങ്ങളും അന്തർമുഖിയായി അണ്ടർ ഗ്രൗണ്ട് ആത്മീയ സ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്താൽ ബാഹർമുഖതയുടെ കാര്യങ്ങൾ ശല്യപെടുത്തില്ല